## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1281 — 04-12-2014 -ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ – സുരക്ഷാ ക്രമീകരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് അപായകരമായ വിധം ഉയർന്നിട്ടും മതിയായവിധം യാതൊരു മുന്നറിയിപ്പ് സംവിധാനങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ ഒരുക്കാതെ നിസ്സംഗത പുലർത്തിയതായ ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? എങ്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാത്തതിന്റെ കാരണം അറിയിക്കാമോ: | എ) | ഇല്ല. |
| ബി) | നിലവിൽ എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങളും സുരക്ഷാ സന്നാഹങ്ങളും സജ്ജമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | ബി) | (a) മുല്ലപ്പെരിയാർ പ്രദേശത്ത് 6 ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുണ്ട്.<br>(b) ഡാമിന്റെ വൃഷ്ടി പ്രദേശത്തുള്ള മഴയുടെ അളവ് അറിയുന്നതിനായി ഒരു ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.<br>(c) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ രണ്ട് ടീമുകളെ ഉപ്പുതറയിലും വണ്ടിപെരിയാറിലും വിന്യസിച്ചിട്ടുണ്ട്.<br>(d) ജലനിരപ്പ് 136 അടി ആയതുമുതൽ ജില്ലാ കളക്ടറേറ്റിൽ ഉൾപ്പടെ എട്ട് കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.<br>(e) ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ കമ്മിറ്റികൾ വിളിച്ചുചേർക്കുകയും സാമൂഹ്യ ദുരന്ത നിവാരണ സംവിധാനങ്ങൾ സുസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനം സിദ്ധിച്ച 2104 വോളന്റിയർമാരെ രണ്ടു വിഭാഗങ്ങളായി തിരിച്ച് ചുമതലകളും നൽകിയിട്ടുണ്ട്.<br>(f) 600 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും താൽക്കാലിക റെസ്ക്യൂ ഷെൽറ്ററുകൾ കണ്ടെത്തി അവ സജ്ജമാക്കുകയും ചെയ്തതിനു പുറമെ ഈ ഷെൽറ്ററുകളിൽ പ്രത്യേക ലൈറ്റിംഗ് സംവിധാനങ്ങളും ഏർപ്പാടാക്കിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ ജനറേറ്ററുകൾ വാടകയ്ക്ക് ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>(g) പീരുമേട് താലൂക്കിലെ വില്ലേജുകളിലും അസ്കാ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ